# മഹാത്മാഗാന്ധി സർവകലാശാല ബി.എഡ്. പ്രവേശനം;

# മൂന്നാം അലോട്ട്മെന്റ് ലഭിച്ചവർ 2020 ഡിസംബർ 11ന് വൈകിട്ട് നാലിനകം പ്രവേശനം കൺഫേം ചെയ്യണം

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യിട്ടുള്ള ബി എഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബി എഡ് പ്രോഗ്രാമുകളിലേക്കുള്ള മൂന്നാം അലോട്മെൻറ് ലഭിച്ചവർ നിശ്ചിത സർവ്വകലാശാല ഫീസ് ഓൺലൈൻ ആയി ഒടുക്കി സ്ഥിര പ്രവേശം ഓൺലൈനായി തന്നെ കൺഫേം ചെയ്യേണ്ടതും കോളേജുകളുമായി ബന്ധപ്പെട്ട് നിശ്ചിത കോളേജ് ഫീസ് ഒടുക്കി പ്രവേശനം സ്ഥിരപ്പെടുത്തേണ്ടതാണ്. 11/12/2020 നു 4.00 പി എം നു മുപായി നിശ്ചിത ഫീസ് ഒടുക്കാത്തവരുടെയും ഫീസ് ഒടുക്കിയതിനു ശേഷം അലോട്മെൻറ് കൺഫേം ചെയ്യാത്തവരുടെയും അലോട്മെൻറ് റദ്ദാക്കപ്പെടുന്നതാണ്. കോളേജുകൾ പ്രവേശനം കൺഫേം ചെയ്യു എന്നതിൻെറ തെളിവായി കൺഫർമേഷൻ സ്ലിപ് പ്രവേശനം കൺഫേം ചെയ്ത എല്ലാവരും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശനം സംബന്ധിച്ച പരാതികൾ സർവ്വകലാശാല സ്വീകരിക്കുന്നതല്ല.

ഒന്നാം സെമസ്റ്റർ ബി എഡ് പ്രോഗ്രാമുകളിലെ ക്ലാസ്സുകൾ 14/12/2020നു ആരംഭിക്കുന്നതായിരിക്കും.

ഒന്നും രണ്ടും അലോട്മെൻറുകളിൽ താത്കാലികപ്രവേശനമെടുത്തിട്ടുള്ളവർ 11/12/2020 4.00 പി എം നു മുൻപായി അവർ ആഗ്രഹിക്കുന്ന പക്ഷം സ്ഥിര പ്രവേശമെടുക്കേണ്ടതാണ്. മൂന്നാം അലോട്മെൻറിനു ശേഷം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു മാത്രമേ താത്കാലിക പ്രവേശം മാത്രമേ സാധ്യമാവുകയുള്ളൂ. മറ്റു വിഭാഗക്കാർക്ക് മൂന്നാം അലോട്മെൻറിനു ശേഷം താത്കാലിക പ്രവേശം അനുവദനീയമല്ല.